(ഇ) വില വിവരപ്പട്ടിക വനശ്രീ വിപണന കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കുന്നുണ്ട്.

വനശ്രീ വിപണന കേന്ദ്രങ്ങൾ

289 (291) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: ,

(എ) സംസ്ഥാനത്ത് വനശ്രീ വിപണന കേന്ദ്രങ്ങൾ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നത് ; ഇവയുടെ ഘടന വിവരിക്കാമോ ; ഇവയുടെ നിയന്ത്രണം ആർക്കാണെന്നറിയിക്കുമോ ;

(ബി) ഇവയിലൂടെ വിപണനത്തിനാവശ്യമായ ഉല്പന്നങ്ങൾ സമാഹരിക്കുന്ന രീതി വിശദമാക്കുമോ ;

(സി) ഇതിൽ പൂർണ്ണമായും സുതാര്യത ഉറപ്പാക്കാൻ സത്വര നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത വിപണന കേന്ദ്രങ്ങളിലെ ഉല്പന്നങ്ങൾക്ക് ഉപഭോക്താക്കളിൽനിന്ന് ഇതേ മേഖലയിലെ മറ്റ് വിപണന സ്ഥാപനങ്ങളെക്കാൾ ഉയർന്ന വില ഈടാക്കുന്നതായ വിവരം ഗൗരവമായി പരിശോധിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 37 വനശ്രീ വിപണന കേന്ദ്രങ്ങൾ 23 വന വികാസ ഏജൻസികളിൽ പ്രവർത്തിച്ചുവരുന്നു. (ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു). അതാത് വന വികാസ ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരായ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെ ചുമതലയിലാണ് വനശ്രീ വിപണന കേന്ദ്രങ്ങൾ പ്രവർത്തനം നടത്തുന്നത്.

വനവാസികളിൽനിന്നും ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങൾ മൂല്യവർദ്ധനവ് നടത്തി സ്റ്റാളുകൾ വഴി വിറ്റുവരുന്നു. വനവികാസ ഏജൻസികളുടെ കീഴിൽ വരുന്ന വനസംരക്ഷണ സമിതികൾ, ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ നിയന്ത്രണത്തിൽ ശേഖരണം, മൂല്യവർദ്ധന, വിപണനം എന്നീ വിഭാഗങ്ങളിലായി വനശ്രീ പ്രവർത്തിക്കുന്നു.

(ബി) അതാത് വനസംരക്ഷണ സമിതി/ഇക്കോഡെവലപ്മെന്റ് കമ്മിറ്റികളിലെ ആദിവാസികൾ ശേഖരിക്കുന്ന ചെറുകിട വനോൽപ്പന്നങ്ങൾക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ന്യായമായ വില നൽകി ആദ്യഘട്ടത്തിൽ സംഭരിക്കുന്നു. ഈ ഉൽപ്പന്നങ്ങൾ മൂല്യവർദ്ധന നടത്തി വനശ്രീ കേന്ദ്രങ്ങളിലൂടെ വില്പന നടത്തി ലഭിക്കുന്ന ലാഭത്തിന്റെ പങ്ക് ശേഖരണത്തിലേർപ്പെടുന്ന ആദിവാസികൾക്ക് നൽകുന്നു.

(സി) ശേഖരണം, മൂല്യവർദ്ധന, വിപണനം, വില നൽകൽ, ചെലവിനങ്ങൾ, വില്പന ഇക വരവ് വയ്ക്കൽ ഇവ വനവികാസ ഏജൻസികളുടെ നിയന്ത്രണത്തിൽ വനസംരക്ഷണ സമിതികൾ, ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ വഴി സുതാര്യമായി നടന്നുവരുന്നു. കണക്കുകൾ ഓഡിറ്റ് ചെയ്യുന്നുണ്ട്.

(ഡി) വനശ്രീ ഉൽപ്പന്നങ്ങൾക്ക് അവയുടെ പരിശുദ്ധിയുടേയും ഗുണനിലവാരത്തിന്റേയും അടിസ്ഥാനത്തിൽ ഇവയുടെ ശേഖരണം, മൂല്യവർദ്ധന, വിപണന പ്രക്രിയയിൽ ഉൾപ്പെട്ടിട്ടുള്ള വനാശ്രിത സമൂഹത്തിന്റെ കൂട്ടായ്മയെ വനസംരക്ഷണ സമിതികൾ , ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയാണ് വില നിശ്ചയിക്കുന്നത്. ഈ ഉൽപ്പന്നങ്ങൾ ഈ മേഖലയിലെ മറ്റ് വിപണന സ്ഥാപനങ്ങളിലെ ഉൽപ്പന്നങ്ങളിൽനിന്നും വ്യത്യസ്തമാണ്. അതിനാൽ ഇവയുടെ വില ഗുണമേന്മയുടെ അടിസ്ഥാനത്തിലാണ് നിശ്ചയിക്കുന്നത്.

വനഭൂമി കൈയ്യേറ്റം

290 (292) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികളോ, സ്ഥാപനങ്ങളോ, തോട്ടമുടമകളോ ഇതിനകം എത്ര ഏക്കർ വനഭൂമി കൈയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ വന്നതിനു ശേഷം എത്ര ഏക്കർ വനഭൂമി കൈയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാകുമോ ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(സി) കയ്യേറിയ എത്ര ഏക്കർ വനഭൂമി ഇതിനകം തിരിച്ചു പിടിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

(ഡി) ഈ സർക്കാർ വന്നതിനുശേഷം എത്ര വനഭൂമി കയ്യേറ്റങ്ങൾ തിരിച്ചുപിടിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 15358.59 ഏക്കർ വനഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു: